'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 894 10.06.2019 ൽ മറുപടിയ്ക്ക്

കെ.ഡി.എച്ച്.പി.കമ്പനിയ്ക്ക് അനുവദിച്ച ഫ്യുവൽ ഏരിയ

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2019 മെയ് മാസത്തിൽ കെ.ഡി.എച്ച്.പി (കണ്ണൻ ദേവൻ ഹിൽ പ്ലാൻറേഷൻ)യ്ക്ക് കീഴിലുള്ള നല്ലതണ്ണി എസ്റ്റേറ്റിലെ ചോലമരങ്ങൾ അനധികൃതമായി വെട്ടിമാറ്റിയ സംഭവത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | നല്ലതണ്ണി എസ്റ്റേറ്റിലെ ചോലമരങ്ങൾ അനധികൃതമായി വെട്ടിമാറ്റിയ സംഭവത്തിൽ മൂന്നാർ റെയ്ഞ്ചിൽ മൂന്ന് ഒ.ആർ കേസുകൾ (ഒ.ആർ 03/19, 04/19,05/19) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കൂടാതെ ഇതു സംബന്ധിച്ച റിപ്പോർട്ട് ഇടുക്കി ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | കെ.ഡി.എച്ച്.പി.യ്ക്ക് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഫ്യുവൽ ഏരിയ എത്രയാണെന്നും പ്രസ്തുത ഏരിയ അനുവദിക്കപ്പെട്ടിട്ടുള്ളത് എന്ത് വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്നും അറിയിക്കാമോ; | (ബി) | കെ.ഡി.എച്ച്.പി.യ്ക്ക് നിലവിൽ 16898.91 ഏക്കർ സ്ഥലമാണ് ഫ്യുവൽ ഏരിയയായി അനുവദിച്ചിട്ടുള്ളത്. 29.03.1974 ലെ കേരള ലാൻറ് ബോർഡ് അവാർഡ് നമ്പർ LB (A) 2- 5227/ 71 പ്രകാരമാണ് സ്ഥലം അനുവദിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | കെ.ഡി.എച്ച്.പി.യ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഫ്യുവൽ ഏരിയ ആവശ്യത്തിലും അധികമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ആക്ഷേപത്തിന്മേൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി), | കെ.ഡി.എച്ച്.പി.യ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഫ്യുവൽ ഏരിയ ആവശ്യത്തിലും അധികമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 29.03.1974 ലെ കേരള ലാൻറ് ബോർഡ് അവാർഡ് നമ്പർ LB (A) 2 - 5227/71 പ്രകാരമാണ് ടി സ്ഥലം അനുവദിച്ചിട്ടുള്ളത്. |

Praveen

സെക്ഷൻ ഓഫീസർ